പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1657 — 04.12.2015 ലെ മറുപടിയ്ക്ക്

**കാർഷിക ഭക്ഷ്യ സംസ്കരണ രംഗങ്ങളിലെ നിക്ഷേപം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക ഭക്ഷ്യ സംസ്കരണ രംഗങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തപ്പെട്ട ഗ്ലോബൽ അഗ്രി-മീറ്റിൽ അംഗീകരിക്കപ്പെട്ട നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;<br><br>**(ബി)** ഏതെല്ലാം പദ്ധതികൾ നടപ്പാക്കപ്പെട്ടുവെന്നറിയിക്കുമോ ;<br><br>**(സി)** ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളാണ് പദ്ധതികൾ നടപ്പാക്കുന്നതിന് മുന്നോട്ട് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ ? | **(എ), (ബി) & (സി)** കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ജൈവകൃഷിയിലേയ്ക്ക് മാറ്റുക, കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുക, സംസ്ഥാന കാർഷിക മേഖലയിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുക, യുവസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചത്. പ്രസ്തുത മീറ്റിൽ കൃഷി അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ, പ്ലാന്റേഷൻ ടൂറിസം, കാർഷിക വിളകളുടെ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം, ശീതീകരണ സംഭരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളിൽ 9 ടെക്നിക്കൽ സെഷനുകളിലൂടെയുള്ള ചർച്ചകളും ഒരു പാനൽ ചർച്ചയും സംഘടിപ്പിച്ചിരുന്നു. കെ.എസ്.ഐ.ഡി.സി യും കൃഷി വകുപ്പും ചേർന്നാണ് ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചത്. കയറ്റുമതിക്കാർ, സംരംഭകർ, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, കർഷകർ, വിദേശ പ്രതിനിധികൾ, വിജ്ഞാനകുതുകികൾ എന്നിവർ അഗ്രോമീറ്റിൽ പങ്കെടുത്തു. എന്നാൽ നിക്ഷേപ പദ്ധതികൾ ഒന്നും തന്നെ അഗ്രോമീറ്റിനോടനുബന്ധിച്ച് കൃഷി വകുപ്പിനോ കെ.എസ്.ഐ.ഡി.സി.യ്ക്കോ ലഭ്യമായിട്ടില്ല. |

Shajma

**സെക്ഷൻ ഓഫീസർ**